**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 232** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡിന് ഇരയായവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന് ഇരയായവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ? പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ "Guidelines for Ex-Gratia assistance to next of kin of the deceased by Covid-19" മാനദണ്ഡമനുസരിച്ച് കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പുതുക്കിക്കൊണ്ട് കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25.09.2021 തീയതിയിലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ് -19 കേസിന്റെ തീയതി മുതൽ കോവിഡ് 19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതു സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം ബാധകമാണ്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ ഭേദഗതിയോടെ അംഗീകരിക്കുകയും ടി പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | കോവിഡിന് ഇരയായവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡിന് ഇരയായവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചിട്ടില്ല. |
| (സി) | കോവിഡ് മൂലം സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുകയും തുടർന്ന് മരണമടയുകയും ചെയ്തവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ചെലവിന് ധനസഹായം അനുവദിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് മൂലം ചികിത്സ തേടുകയും തുടർന്ന് മരണപ്പെടുകയും ചെയ്തവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ചെലവിന് ധനസഹായം നിലവിൽ അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ